പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1927 **26-10-2026-ൽ മറുപടിയ്ക്ക്**

വിഴിഞ്ഞം തുറമുഖ വികസനപദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. രാജൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. സി. അജയപ്രസാദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) തലസ്ഥാനത്തെ ലോജിസ്റ്റിക് ഹബ്ബാക്കി മാറ്റാനുള്ള 2000 കോടി രൂപയുടെ തുറമുഖ അനുബന്ധ വികസനപദ്ധതികളുടെ ആദ്യഘട്ടമായി 230 ഏക്കർ ഏറ്റെടുക്കാൻ മുൻ സർക്കാർ അനുമതി നൽകിയിരുന്നോ; വിശദമാക്കാമോ;

മറുപടി: തുറമുഖാധിഷ്ഠിത വികസനത്തിനായി 230 ഏക്കർ ഏറ്റെടുക്കുന്നതിന് മുൻ സർക്കാർ അനുമതി നൽകിയിരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ തുറമുഖാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന തിന് 230 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടു ത്തിക്കൊണ്ട് 14/03/2026ലെ G.O(Ms)14/2026/F&P ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിൽ, വെയിലൂർ, കൊല്ലയിൽ, വിഴിഞ്ഞം, കോട്ടുകാൽ വില്ലേജുകളിൽ നിന്നായി 161.86 ഏക്കർ (65.5076ഹെക്ടർ) സ്ഥലം, 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമ പ്രകാരം ഏറ്റെടുക്കുന്നതിന് 09/06/2026 തീയതി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഞ്ച് അർത്ഥനകൾ ജില്ലാ കളക്ടർ മുമ്പാകെ ലഭ്യമാക്കിയിട്ടുള്ളതും, ആയവയിൽ തിരുവനന്തപുരം അഡീഷണൽ എൽ.എ. യൂണിറ്റ് സ്പെഷ്യൽ തഹസിൽദാരെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള 230 ഏക്കർ ഭൂമിയിൽ കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യ (CONCOR), സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ (CWC) എന്നിവ ആവശ്യപ്പെട്ട ഭൂമിയും ഉൾപ്പെടുന്നു. CONCOR 600 കോടി രൂപയും cwc 700 കോടി രൂപയും നിക്ഷേപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇരു സ്ഥാപനങ്ങളും ചേർന്ന് ആകെ 1300 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

ഇതിനു പുറമേ, സ്വകാര്യ സംരംഭകർ മുഖേനയുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ കൂടി കണക്കിലെടുത്ത് കൂടുതൽ ഭൂമി ഏറ്റെടുക്കുന്നുണ്ട്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ മുൻ സർക്കാർ പ്രഖ്യാപിച്ച വമ്പൻ പദ്ധതികൾ അനിശ്ചിതത്വത്തിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഇല്ല, മുൻ സർക്കാർ പ്രഖ്യാപിച്ച വൻകിട പദ്ധതികൾ അനിശ്ചിതത്വത്തിലല്ല. മുൻ സർക്കാർ പ്രഖ്യാപിച്ച മൂന്ന് വൻകിട പദ്ധതികൾ CONCOR, CWC, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IOCL) എന്നിവയുമായി ബന്ധപ്പെട്ടതാണ്. ഈ മൂന്ന് പദ്ധതികളും സജീവമായി നടപടി ഘട്ടത്തിലാണ്.

(സി) മുൻ സർക്കാർ വിഭാവനം ചെയ്ത വിഴിഞ്ഞം-നാവായിക്കുളം വികസന ഇടനാഴി ഉൾപ്പെടെയുള്ള പദ്ധതികളും ഭൂമിയേറ്റെടുക്കലും നിലച്ചതോടെ വിഴിഞ്ഞത്തും പരിസരത്തും ഭൂമാഫിയ സംഘങ്ങൾ പിടിമുറുക്കി എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങൾക്കും കമ്പനികൾക്കും ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള പ്രാരംഭ നടപടിപോലും ആരംഭിച്ചിട്ടില്ല എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 162 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ലഭിച്ച് അപേക്ഷകളിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ